LIBRARY ARCHIVES Kerala Legislative Assembly

പൂട്ടിക്കിടന്നിരുന്ന വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

39 [3553] *ശ്രീ. കെ. പി. രാജേന്ദ്രൻ:*
,, *എൻ. രാജൻ:*
,, *എം. കുമാരൻ:*
,, *പി. നാരായണൻ:*
,, *ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിലും സഹകരണമേഖലയിലും ഇപ്പോൾ അടഞ്ഞു കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽ എത്ര തൊഴിലാളികൾ പണിയെടുത്തിരുന്നുയെന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(ബി) ഈ തൊഴിലാളികൾക്ക് ഇതുവരെ എത്തിച്ചുകൊടുത്ത ആനുകൂല്യങ്ങൾ എന്തെല്ലാം; ഈവരുന്ന ഓണക്കാലത്ത് എന്തെങ്കിലും ആശ്വാസം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) 1999 മുതൽ ഓണക്കാലത്ത് ഒരു വർഷത്തിലേറെക്കാലമായി പൂട്ടിക്കിടന്നിരുന്ന സഹകരണമേഖലയിലെയും പൊതുമേഖലയിലെയും വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 1000 രൂപ വീതവും സഹകരണ കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 700 രൂപ വീതവും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2003 മുതൽ പൂട്ടിക്കിടന്നിരുന്ന കയർ സൊസൈറ്റികളിലെ തൊഴിലാളികൾക്കും 200 രൂപ വീതം എക്സ്ഗ്രേഷ്യാ സാന്ത്വനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷവും ഓണക്കാലത്ത് എക്സ്ഗ്രേഷ്യാ സാന്ത്വനസഹായം നൽകുന്നതാണ്.

ലേഓഫ് ചെയ്ത ആസ്ട്രൽ വാച്ച് വർക്സിലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി

40 [3554] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ ആസ്ട്രൽ വാച്ച് വർക്സ് ലേഓഫ് ചെയ്തതിനെതുടർന്ന് അവിടത്തെ തൊഴിലാളികൾക്ക് നൽകേണ്ട എല്ലാ ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ടോ;

(ബി) ഒരുമിച്ച് ഒരേദിവസം ജോലിയിൽ പ്രവേശിച്ച തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ അനുവദിച്ചപ്പോൾ വലിയ അന്തരമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;